# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1661 12/06/2019 ൽ മറുപടിയ്ക്ക്

## നഗരകാര്യ വകുപ്പിലെ ഉദ്യോഗക്കയറ്റം

ചോദ്യം
ശ്രീ. പി.സി ജോർജ്ജ്

ഉത്തരം
എ.സി മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നഗരകാര്യ വകുപ്പിൽ രണ്ട് വർഷത്തോളമായി റീജിയണൽ ജോയിന്റ് ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുവാൻ എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ; | (എ) | ഉണ്ട്. ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (ബി) | അകാരണമായി മുനിസിപ്പൽ സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത കാരണത്താൽ മുനിസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗക്കയറ്റം നടത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രൊമോഷൻ ലഭിക്കാത്തതു സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറിമാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസുകളിൽ എന്ത് നടപടികൾ എടുത്തു എന്ന് വിശദമാക്കാമോ? | (ഡി) | പ്രൊമോഷൻ ലഭിക്കാത്തത് സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ.വിനയൻ ഫയൽ ചെയ്ത കേസ് തീർപ്പാക്കി, ശ്രീ.വിനയന് ജോയിന്റ് ഡയറക്ടറായി പ്രൊമോഷൻ നൽകി കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി ശ്രീ രാധാകൃഷ്ണൻ, കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ രാജു, കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീമതി അനുജ, ആലുവ മുനിസിപ്പൽ സെക്രട്ടറി ശ്രീ അരുൺ രംഗൻ, ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമൻ, ലൈഫ് മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീ മുഹമ്മദ് ഹുവൈസ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ ടിയാളുകളെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ ഉത്തരവാകുകയും, ആയത് പ്രകാരം 14.01.2019-ൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും, അച്ചടക്ക നടപടികൾ നിലവിലുള്ളതിനാൽ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു.<br><br>മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി ശ്രീ.പി.വി.ലതേഷ് കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കി അദ്ദേഹത്തെ 14.01.2019-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും ടിയാനതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചും വരുന്നു |

**സെക്ഷൻ ഓഫീസർ**